## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 278 — 03/04/2013-ൽ മറുപടിയ്ക്ക്

# ഹൈടെക് കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>,, മുല്ലക്കര രത്നാകരൻ<br>,, ജി എസ്. ജയലാൽ<br>,, വി. ശശി | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഹൈടെക് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ; | എ) ഉണ്ട്, 2012-13 സാമ്പത്തിക വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. |
| ബി) ഈ കൃഷിയിൽ ഏർപ്പെടുന്ന വർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നത് , ഇതിനായി എത്ര പദ്ധതികൾ ഹോർട്ടി കോർപ്പ് മുന്നോട്ട് വച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) ഹൈടെക് കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്ന കർഷകർക്ക് 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള നാച്യുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചർ നിർമ്മിക്കുന്നത് 2.805 ലക്ഷം രൂപ (മുതൽ മുടക്കിന്റെ 75 ശതമാനം) ധനസഹായമായി നൽകുന്നു.<br>ഹൈടെക് പദ്ധതി പ്രകാരം ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ മെച്ചപ്പെട്ട വിപണനത്തിനായി അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് 1 കോടി രൂപയുടെ ഒരു പദ്ധതി ഹോർട്ടികോർപ്പ് സമർപ്പിച്ചിരുന്നു. ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) ഹൈടെക് കൃഷിയിലൂടെ ഏതെല്ലാം ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതെന്ന് വിശദമാക്കുമോ ; | സി) പയർ, സലാഡ് വെള്ളരി, തക്കാളി, ചെറി തക്കാളി, ക്യാപ്സിക്കം, ലെറ്റ്യൂസ്, തുടങ്ങിയ പച്ചക്കറി വിളകളും ജർബറ, കാർണേഷ്യൻ, റോസ, ജിപ്സോഫില്ലം തുടങ്ങിയ പുഷ്പ വിളകളും ഹൈടെക്കൃഷിയിലൂടെ ഉത്പാദിപ്പിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | പോളി ഹൗസുകൾ നിർമ്മിക്കുന്നതിന് ഈ രംഗത്ത് പ്രാവീണ്യം നേടിയ എത്ര ഏജൻസികളെ തെരഞ്ഞെടുത്തിട്ടുണ്ട് ; ഒരു ഹൗസ് നിർമ്മിക്കുന്നതിന് എത്ര തുക ചെലവാകും ; | ഡി) | പോളീഹൗസുകൾ നിർമ്മിക്കുന്നതിന് പ്രാവീണ്യം നേടിയ ഏജൻസികളെ സർക്കാർ പ്രത്യേകം തെരഞ്ഞെടുത്തിട്ടില്ല. കർഷകർക്ക് അവർ തെരഞ്ഞെടുക്കുന്ന ഏജൻസികളെകൊണ്ട് പോളീ ഹൗസ് നിർമ്മിക്കുവാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. എന്നാൽ കേരള അഗ്രോ ഇൻഡസ്ട്രീയസ് കോർപ്പറേഷൻ പോളീഹൗസ് നിർമ്മാതാക്കളുടെ ഒരു ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുണ്ട്.<br>ഒരു പോളീഹൗസ് നിർമ്മിക്കുന്നതിന് ചതുരശ്ര മീറ്ററിന് 935 രൂപ എന്ന നിരക്കാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ അനുവദിച്ചിട്ടുള്ളത്. കേരളത്തിൽ ചതുരശ്ര മീറ്ററിന് 1350 രൂപ വരെ ചെലവാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഇ) | ഈ കൃഷിക്ക് അനുവദിക്കുന്ന വായ്പയുടെ പലിശ നിരക്ക് കൂടുതലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറഞ്ഞ നിരക്കിൽ വായ്പലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഇ) | ഉണ്ട്. കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. ഇത് SLBC യുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ